**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3359** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുരാച്ചുണ്ട് നമ്പിക്കുളം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ നമ്പിക്കുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | നമ്പികുളം എക്കോട്ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വാച്ച് ടവർ, നടപ്പാത, കഫറ്റേരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 72,32,600/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയി M/s Forest Industries( Travancore) Ltd. എന്ന ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുക്കുകയും പദ്ധതിയുടെ നിർമ്മാണത്തിനായി പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളിൽ റീട്ടെയിനിങ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുകയാണ്. പദ്ധതി പ്രദേശത്തേയ്ക്കുള്ള KSEB 3 Phase Connection, വാട്ടർ ലഭ്യതയ്ക്കായുള്ള പ്ലംബിങ് വർക്കുകൾ, ഫെൻസിങ് വർക്കുകൾ, ചിൽഡ്രൻസ് പ്ലേ എക്വിപ്മെൻറ്സ് എന്നിവയാണ് രണ്ടാം ഘട്ടത്തിലെ ഇനി നടപ്പിലാക്കാനുള്ള പ്രവൃത്തികൾ. 2025 ഡിസംബറിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ